# എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് മുപ്പത്തൊന്ന്

## സ്വർഗീയ ക്രിസ്തുവിന്റെ സ്വർഗീയ ശുശ്രൂഷ

Sat എബ്രായരുടെ പുസ്തകത്തിൽ രണ്ടു പ്രധാന ഭാഗങ്ങളുണ്ട്, ഈ രണ്ടു ഭാഗങ്ങൾ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ രണ്ടു വശങ്ങളെ ആസ്പദമാക്കിയുള്ളതാണ്. ഒന്നാമതായി, ക്രിസ്തു അഹരോനാൽ മുൻകുറിക്കപ്പെട്ട ദൈവത്തിന്റെ മഹാപുരോഹിതനാണ്, രണ്ടാമതായി, അവൻ മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനാണ്. മുഖ്യമായ രണ്ടു വശങ്ങളോടുകൂടിയതാണ് ക്രിസ്തുവിന്റെ ശുശ്രൂഷ, ഒന്ന് ഭൂമിയിൽ അഹരോനാൽ മുൻകുറിക്കപ്പെട്ടതും മറ്റൊന്ന് സ്വർഗത്തിൽ മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ളതും.

## I. എബ്രായലേഖനത്തിലെ തിരിവ്

ക്രിസ്തുവിന്റെ വേലയും ശുശ്രൂഷയും അനുസരിച്ച്, ഈ പുസ്തകത്തിന് 7:1-ൽ ഒരു തിരിവുണ്ട്, ഭൂമിയിൽനിന്ന് സ്വർഗത്തിലേക്കുള്ള ഒരു തിരിവ്. ആറാം അധ്യായത്തിന്റെ അവസാനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത് അഹരോന്റെ പൗരോഹിത്യത്താൽ മുൻകുറിക്കപ്പെട്ട ഭൂമിയിലെ ക്രിസ്തുവിന്റെ വേലയാണ്. ആ ഭാഗം അടിസ്ഥാനവചനമാണ്. 7:1 മുതൽ മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള ക്രിസ്തുവിന്റെ സ്വർഗത്തിലെ ശുശ്രൂഷയെ അനാവരണം ചെയ്തിരിക്കുന്നു. ഈ ഭാഗം തികവിന്റെ വചനമാണ്, സ്വർഗീയ കൂടാരത്തിൽ സ്വർഗീയ ക്രിസ്തു എങ്ങനെ ശുശ്രൂഷക്കുന്നുവെന്ന് ഇത് കാണിക്കുന്നു. അവൻ വരുത്തിയ പാപങ്ങളുടെ ശുദ്ധീകരണം അഹരോന്റെ വേലയാൽ മുൻകുറിക്കപ്പെടുമ്പോൾ, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തിരിക്കുന്നത് (1:3) മൽക്കീസേദെക്കിന്റെ ക്രമപ്രകാരമാണ് (സങ്കീ. 110:1, 4). അഹരോന്റെ വേലയാൽ മുൻകുറിക്കപ്പെട്ട ഭൂമിയിലുള്ള അവന്റെ ക്രൂശിലെ വേല നമുക്ക് പാപമോചനം നൽകുന്നു. സ്വർഗത്തിലെ സിംഹാസനത്തിൽ ഇരുന്നുകൊണ്ടുള്ള അവന്റെ ശുശ്രൂഷ പാപത്തിന്മേലുള്ള ജയത്തെ നമുക്കു ശുശ്രൂഷിക്കുന്നു. അവന്റെ

ക്രൂശ് നമ്മെ മിസ്രയീമിൽനിന്നു വിടുവിച്ചു; അവന്റെ സിംഹാസനം നമ്മെ കനാനിലേക്ക് കൊണ്ടുവരുന്നു. എബ്രായ വിശ്വാസികൾ ക്രൂശിലെ അവന്റെ വേലയിൽ പങ്കെടുത്തിരുന്നുവെങ്കിലും, സിംഹാസനത്തിലെ അവന്റെ ശുശ്രൂഷയുടെ ആസ്വാദനത്തിലേക്കു പ്രവേശിക്കുവാൻ അവർ മുന്നോട്ടായണമായിരുന്നു.

പാപമോചനം താഴത്തെ നിലയിലാണെന്നും പാപത്തിന്മേലുള്ള ജയം രണ്ടാം നിലയിലാണെന്നും നമുക്കു പറയാം. കഴിഞ്ഞ നൂറ്റാണ്ടുകളിൽ, വളരെയധികം ക്രിസ്ത്യാനികൾ പാപത്തെ ജയിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും അവരിൽ അനേകരും ഈ വിഷയത്തിൽ വിജയിച്ചില്ല, കാരണം അവർ താഴത്തെ നിലയിൽ നിന്നുകൊണ്ട് രണ്ടാമത്തെ നിലയിലുള്ള ഒന്നിനെ അന്വേഷിക്കുകയായിരുന്നു. രണ്ടാമത്തെ നിലയിലിലുള്ള സാധനങ്ങളെ താഴത്തെ നിലയിൽ അന്വേഷിച്ചാൽ നിങ്ങൾക്ക് അത് എങ്ങനെ ലഭിക്കും? പാപമോചനം താഴത്തെ നിലയിലാണ്. പൂർണ്ണമായും വിജയകരമായും സമ്പൂർണ്ണമായും സമഗ്രമായും താൻ പാപമോചനം അനുഭവിച്ചിട്ടുണ്ടെന്ന് രക്ഷിക്കപ്പെട്ട ഓരോ ക്രിസ്ത്യാനിക്കും സാക്ഷ്യപ്പെടുത്താൻ കഴിയും. എന്നാൽ പാപത്തിന്മേലുള്ള ജയം അനുഭവിക്കേണ്ടതിന് നാം രണ്ടാം നിലയിലായിരിക്കണം. പാപമോചനം അഹരോന്റെ വേലയാൽ മുൻകുറിക്കപ്പെട്ട ക്രിസ്തുവിന്റെ ഭൂമിയിലെ വേലയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് താഴത്തെ നിലയിലാണ്. പാപത്തിന്മേലുള്ള ജയം എന്നത് മൽക്കീസേദെക്കിന്റെ ക്രമപ്രകാരം സ്വർഗത്തിൽ ഇന്ന് ക്രിസ്തുവിന്റെ വേലയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് രണ്ടാമത്തെ നിലയിലാണ്. നിങ്ങൾ താഴത്തെ നിലയിലാണോ അതോ രണ്ടാമത്തെ നിലയിലാണോ? ഞാൻ രണ്ടാമത്തെ നിലയിലാണെന്ന് എനിക്ക് വളരെ ഉറപ്പുണ്ട്. പാപമോചനം മാത്രമല്ല, പാപത്തിന്മേലുള്ള ജയവും ആസ്വദിച്ചുകൊണ്ട് രണ്ടാമത്തെ നിലയിലായിരിക്കുന്നത് എത്ര അത്ഭുതകരമാണ്! പാപം നമ്മുടെ കാൽക്കീഴിലാണ്! നിങ്ങൾക്ക് ഒരു കാര്യത്തെ ജയിക്കണമെങ്കിൽ ആ കാര്യം നിങ്ങളുടെ കാൽക്കീഴിലായിരിക്കണം. സാങ്കേതിക പദാവലിയിൽ പാപത്തിന്മേലുള്ള ജയത്തെക്കുറിച്ചു സംസാരിക്കുന്നത് ഒരു ചെറിയ കാര്യമാണെന്ന് തോന്നുമെങ്കിലും, അനുഭവത്തിൽ അതു ഭയങ്കരമാണ്. പാപത്തിന്മേലുള്ള ജയം ആസ്വദിക്കുന്നത് എത്ര നല്ലതാണ്! പാപത്തെ ജയിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള സ്വർഗീയ ക്രിസ്തുവിന്റെ സ്വർഗീയ ശുശ്രൂഷ അനുഭവിക്കുവാൻ നിങ്ങൾ രണ്ടാമത്തെ നിലയിൽ വരണം.

ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തുവിന്റെ ക്രൂശ് നമ്മെ മിസ്രയീമിൽനിന്നു വിടുവിക്കുകയും, അവന്റെ

സിംഹാസനം നമ്മെ കനാനിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു. നിങ്ങൾ എവിടെയാണ്—മിസ്രയീമിലോ അതോ കനാനിലോ? നിങ്ങൾ കനാനിലാണെന്ന് നിങ്ങൾക്കെങ്ങനെ അറിയാം? അത് പറയുവാൻ എളുപ്പമാണ്. ഞാൻ കനാനിലാണെന്ന് എനിക്കറിയാം, കാരണം ഞാൻ ഇപ്പോൾ ക്രൂശിന്റെ സമീപത്തല്ല, സിംഹാസനത്തിന്റെ സമീപത്താണ്. മിക്ക ക്രിസ്ത്യാനികളുടെയും പ്രസംഗങ്ങളും സന്ദേശങ്ങളും സംഭാഷണങ്ങളും കൂട്ടായ്മയും ക്രൂശിന്റെ ചുറ്റുവട്ടത്താണ്. സിംഹാസനത്തിന്റെ ചുറ്റുവട്ടത്തിൽ കൂട്ടായ്മ ആചരിക്കുന്ന ക്രിസ്ത്യാനികളുടെ ഒരു കൂട്ടത്തെക്കുറിച്ച് ഞാൻ കേട്ടിട്ടുപോലുമില്ല. നിങ്ങളുടെ ക്രിസ്തു ഇന്ന് ക്രൂശിലാണോ അതോ സിംഹാസനത്തിലാണോ? എന്റെ ക്രിസ്തു ഇന്ന് സിംഹാസനത്തിലാണെന്ന് എനിക്ക് നിങ്ങളോടു സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഞാൻ അവനെ ക്രൂശിൽ അന്വേഷിക്കുന്നില്ല; ഞാൻ അവനെ സിംഹാസനത്തിൽ ആസ്വദിക്കുന്നു. ഇത് ആശ്ചര്യകരമാണ്! ഇന്ന് നമ്മുടെ ക്രിസ്തു ക്രൂശിലല്ല, സിംഹാസനത്തിലാണ്. മിസ്രയീമിൽവച്ചുള്ള പെസഹ ക്രൂശിലുള്ള ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. എന്നാൽ ഇന്ന് നമ്മുടെ ക്രിസ്തു സിംഹാസനത്തിലാണ്, സിംഹാസനം എവിടെയോ, അവിടെ കനാനുണ്ട്. നാം കനാനിലാണ്. നമ്മുടെ ക്രിസ്തു സിംഹാസനത്തിലായതുകൊണ്ട് നാം ശബ്ബത്തിൻ വിശ്രമത്തിലാണ്. ക്രിസ്തുവിന്റെ ക്രൂശിലെ വേലയിൽ നാം പങ്കെടുത്തിട്ടുണ്ടെങ്കിലും, നാം ഇപ്പോൾ സിംഹാസനത്തിലെ അവന്റെ ശുശ്രൂഷയുടെ ആസ്വാദനത്തിലേക്കു പ്രവേശിക്കുവാൻ മുന്നേറണം. ഇപ്പോഴത്തെ ശുശ്രൂഷയിൽ എന്നോടൊപ്പമുള്ള ക്രിസ്തു സിംഹാസനത്തിലുള്ള ക്രിസ്തുവാണ്. ഓ, ക്രിസ്തു ഇപ്പോൾ സിംഹാസനത്തിലാണെന്ന വസ്തുത നാം അനുഭവിച്ചറിയുന്നവരായിത്തീരട്ടെ! സിംഹാസനസ്ഥനായ ഈ ക്രിസ്തുവിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും നാം കാണേണ്ടതാവശ്യമാണ്. അങ്ങനെയുള്ള ഒരു ക്രിസ്തുവിനെ നാം ആസ്വദിക്കുമ്പോൾ, നാം കനാനെന്ന രണ്ടാം നിലയിലും സിംഹാസനത്തിനു ചുറ്റിലുമാണ്.

ഈ ദൂത് സ്വർഗീയ ക്രിസ്തുവിന്റെ സ്വർഗീയ ശുശ്രൂഷയെ സംബന്ധിച്ചാണ്. നാം കണ്ടതുപോലെ, എബ്രായലേഖനം 7:1-ൽ ഒരു വലിയ തിരിവുണ്ടാകുന്നു. എബ്രായലേഖനം വായിച്ചിട്ടുള്ളവരിൽ അനേകരും ഈ കാര്യം വ്യക്തമായി കണ്ടിട്ടില്ല, എന്നാൽ ദൈവത്തിന്റെ കരുണയാലും കൃപയാലും അവൻ ഈ തിരിവ് നമുക്കു കാണിച്ചുതന്നു. ഈ ദൂതിലെ എന്റെ ഭാരം ഈ തിരിവിനെക്കുറിച്ച് നിങ്ങൾക്ക് ഒരു മതിപ്പ് ഉളവാക്കുക എന്നതാണ്. ഈ തിരിവിനെ പരിശുദ്ധാത്മാവ് നിങ്ങളുടെ ആത്മാവിലേക്ക് ആഴത്തിൽ കൊത്തിവയ്ക്കട്ടെ. ഈ തിരിവ് കേവലം ഉപദേശപരമായ ഒരു തിരിവല്ല; ഇത് സജീവമായ ഒരു രീതിയിൽ, വ്യക്തിനിഷ്ഠമായി വസ്തുനിഷ്ഠമായ ഒരു രീതിയിൽ, നമ്മുടെ ക്രിസ്ത്വാനുഭവത്തിന്റെ ഒരു

തിരിവാണ്. വ്യക്തിനിഷ്ഠമായി വസ്തുനിഷ്ഠമായത് എന്നതിലൂടെ ഞാൻ എന്താണ് അർഥമാക്കുന്നതെന്ന് അടുത്ത ദൂതിൽ വിശദീകരിക്കാം. തൽക്കാലം, നാം ക്രിസ്തുവിനെ വ്യക്തിനിഷ്ഠമായി വസ്തുനിഷ്ഠമായ രീതിയിൽ അനുഭവമാക്കത്തക്കവണ്ണം, 7:1-ൽ നാം ഒരു തിരിവു വരുത്തണമെന്ന കാര്യം നിങ്ങൾ ഓർത്തിരിക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു.

## A. ഭൂമിയിലെ പ്രാകാരത്തിൽനിന്ന് സ്വർഗത്തിലെ അതിവിശുദ്ധസ്ഥലത്തേക്ക്

ഈ തിരിവ് ഭൂമിയിലെ പുറത്തെ പ്രാകാരത്തിൽനിന്ന് സ്വർഗത്തിലെ അതിവിശുദ്ധസ്ഥലത്തേക്കാണ് (8:2; 9:11-12, 24). ഇത് കൂടാരത്തിലെ ഉപകരണങ്ങളുടെ ക്രമീകരണത്തെക്കുറിച്ചു നമ്മെ ഓർമപ്പെടുത്തുന്നു. ഒന്നാമതായി, പുറത്തെ പ്രാകാരം ഉണ്ടായിരുന്നു. പിന്നീട് വിശുദ്ധസ്ഥലം, ദൈവത്തിന്റെ സാന്നിധ്യം ഉള്ള അതിവിശുദ്ധസ്ഥലം എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി തിരിച്ചിട്ടുള്ള കൂടാരം ഉണ്ടായിരുന്നു. അങ്ങനെ, മൂന്നു ഭാഗങ്ങളുണ്ടായിരുന്നു: പുറത്തെ പ്രാകാരവും വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും. മുൻകുറി പ്രകാരം, പുറത്തെ പ്രാകാരവും വിശുദ്ധ സ്ഥലവും അതിവിശുദ്ധസ്ഥലത്തിനു വേണ്ടിയാണ്. പുറത്തെ പ്രാകാരത്തിൽ പ്രവേശിക്കുന്നതിന്റെ ഉദ്ദേശ്യം വിശുദ്ധ സ്ഥലത്തിലൂടെ അതിവിശുദ്ധസ്ഥലത്തേക്കു വരുക എന്നതാണ്. പുറത്തെ പ്രാകാരവും വിശുദ്ധസ്ഥലവും ജനം അതിവിശുദ്ധ സ്ഥലത്തേക്കു വരുന്നതിനു വേണ്ടിയാണ്. പുറത്തെ പ്രാകാരം ജനത്തിന് അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കുന്നതിനു വേണ്ടിയും, വിശുദ്ധസ്ഥലം അതിവിശുദ്ധസ്ഥലത്തിന്റെ ഉമ്മറപ്പടിയും ആണ്. അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കാതെ നിങ്ങൾ പുറത്തെ പ്രാകാരത്തിലേക്കു വരുന്നുവെങ്കിൽ, നിങ്ങൾ ലക്ഷ്യമില്ലാത്തവരാണ്. നിങ്ങൾ യാഗപീഠത്തിനും തൊട്ടിക്കും ചുറ്റിൽ വളരെ സമയം തങ്ങുന്നുവെങ്കിൽ, നിങ്ങൾക്ക് ലക്ഷ്യമോ ലക്ഷ്യസ്ഥാനമോ ഇല്ല. യാഗപീഠമോ പുറത്തെ പ്രാകാരമോ അല്ല ലക്ഷ്യം. ലക്ഷ്യം അതിവിശുദ്ധസ്ഥലമാണ്. നിങ്ങൾ യാഗപീഠത്തിലോ തൊട്ടിയിലോ ആയിരിക്കുമ്പോഴെല്ലാം നിങ്ങൾ അതിവിശുദ്ധ സ്ഥലത്തെ ലക്ഷ്യം വയ്ക്കണം. നിങ്ങൾ വിശുദ്ധസ്ഥലത്തായിരിക്കുമ്പോൾപോലും നിങ്ങൾ പറയണം, "കർത്താവേ, ഞാൻ ഈ സ്ഥലത്തിനു വേണ്ടിയുള്ളവനല്ല. ഞാൻ ഈ സ്ഥലത്തിലൂടെ അതിവിശുദ്ധസ്ഥലത്തേക്ക് കടന്നുപോകുന്നതേയുള്ളൂ. എന്റെ ലാക്കും എന്റെ ലക്ഷ്യവും നിന്റെ അതിവിശുദ്ധസ്ഥലമാണ്." എബ്രായലേഖനം ഒന്നാമത് നമുക്ക് പുറത്തെ പ്രാകാരത്തിലുള്ള കാര്യങ്ങളെ പരിചയപ്പെടുത്തുന്നു. പിന്നീട്, 7:1 മുതൽ തുടങ്ങി അതു നമ്മെ അതിവിശുദ്ധസ്ഥലത്തേക്കു തിരിക്കുന്നു. ഇത്

പുറത്തെ പ്രാകാരത്തിൽനിന്ന് വിശുദ്ധസ്ഥലത്തിലൂടെ അതിവിശുദ്ധസ്ഥലത്തേക്കുള്ള തിരിവാണ്.

## B. പുറത്തെ പ്രാകാരത്തിലെ പാപത്തിനുവേണ്ടിയുള്ള യാഗപീഠത്തിൽനിന്നും അതിവിശുദ്ധസ്ഥലത്തെ കൃപയ്ക്കുവേണ്ടിയുള്ള അനുനയ മൂടിയിലേക്ക് (കൃപയുടെ സിംഹാസനത്തിലേക്ക്)

ഈ തിരിവ് പുറത്തെ പ്രാകാരത്തിലെ പാപത്തിനുവേണ്ടിയുള്ള യാഗപീഠത്തിൽനിന്നും അതിവിശുദ്ധസ്ഥലത്തെ കൃപയ്ക്കുവേണ്ടിയുള്ള അനുനയ മൂടിയിലേക്കുള്ളതും (കൃപയുടെ സിംഹാസനത്തിലേക്കുള്ളതും) ആണ് (13:10, 12; 10:12; 4:16). യാഗപീഠം, അനുനയ മൂടി എന്നിങ്ങനെ രണ്ടു കാര്യങ്ങൾ നാം ഇവിടെ കാണുന്നു. അനുനയ മൂടി ദൈവം നമ്മെ സന്ധിക്കുന്നതും, നമ്മോടു സംസാരിക്കുന്നതും, നമ്മോട് ആശയവിനിമയം ചെയ്യുന്നതും, തന്റെ വ്യവസ്ഥയിൽ നാം ദൈവത്തോട് ഒന്നായിരിക്കുന്നതുമായ ഇടമായ കൃപയുടെ സിംഹാസനമാണ്. കൃപയുടെ സിംഹാസനമെന്നത് ദൈവവും നാമും, നാമും ദൈവവും ഒന്നായിരിക്കുന്ന സ്ഥലമാണ്. യാഗപീഠം പുറത്തെ പ്രാകാരത്തിലും, അനുനയ മൂടി അതിവിശുദ്ധസ്ഥലത്തുമാണ്. യാഗപീഠം ക്രൂശിനെ സൂചിപ്പിക്കുന്നു, അത് അമൂല്യവും വിലയേറിയതുമാണ്. യാഗപീഠം നമ്മുടെ പാപങ്ങളോട് ഇടപെടുന്നതുകൊണ്ട് അത് അമൂല്യവും വിലയേറിയതുമാണ്. എന്നാൽ അതു പുറത്തെ പ്രാകാരത്തിലാണ്. പാപമെന്ന പ്രശ്നത്തെ പരിഹരിച്ച ക്രൂശ് ഇപ്പോഴും ഭൂമിയിൽ, താഴത്തെ നിലയിലാണ്. അനേകം ക്രിസ്ത്യാനികളും പുറത്തെ പ്രാകാരത്തിൽ ക്രൂശുമായി നിരന്തരം മുഴുകിയിരിക്കുമ്പോൾ, മണിക്കൂറുതോറും അല്ലെങ്കിൽ ദിനംതോറുമെങ്കിലും നിരവധി ക്രിസ്ത്യാനികൾ അനുനയ മൂടിയെ ശരിയായി സ്പർശിക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. നാം എല്ലാവരും നിമിഷംതോറും അനുനയ മൂടി എന്ന കൃപയുടെ സിംഹാസനത്തെ സ്പർശിക്കുവാൻ പഠിക്കണം. "കർത്താവേ, നിന്റെ കൃപയുടെ സിംഹാസനത്തെ ഓരോ നിമിഷവും സ്പർശിക്കേണ്ടത് എനിക്കാവശ്യമാണ്" എന്നു നാം പ്രാർഥിക്കണം. കൃപയുടെ സിംഹാസനമാണ് നാം ആയിരിക്കേണ്ട സ്ഥലം. ക്രൂശ് നല്ലതാണെങ്കിലും അതു നമ്മുടെ ലക്ഷ്യമോ ലക്ഷ്യസ്ഥാനമോ അല്ല. അതു നാം എന്നേക്കും നിൽക്കേണ്ട ഒരു സ്ഥലമല്ല. നാം എന്നേക്കും നിൽക്കേണ്ട സ്ഥലം കൃപയുടെ സിംഹാസനം എന്ന അനുനയ മൂടിയാണ്. ഇപ്പോൾ നിങ്ങൾ എവിടെയാണ്? നാം അനുനയ മൂടിക്കു സമീപം, കൃപയുടെ സിംഹാസനത്തിനു സമീപം ആണ്.

ദൈവം ക്രൂശിൽനിന്നു സംസാരിക്കുന്നുവെന്ന് വേദപുസ്തകത്തിൽ ഒരിക്കലും പറഞ്ഞിട്ടില്ല. വേദപുസ്തകമനുസരിച്ച്, നാം ദൈവത്തിന്റെ ശബ്ദം കേൾക്കുന്നതെവിടെയാണ്? അതിവിശുദ്ധസ്ഥലത്തിൽ

അരുളപ്പാടുള്ള കൃപയുടെ സിംഹാസനത്തിൽ. നിങ്ങൾ ഇപ്പോഴും ക്രൂശിന്റെ സമീപമാണെങ്കിൽ, ദൈവത്തിന്റെ സംസാരം കേൾക്കുവാൻ പ്രയാസമായിരിക്കും. എന്നാൽ നിങ്ങൾ കൃപയുടെ സിംഹാസനത്തിലേക്ക്, അനുനയ മൂടിയിലേക്ക് വരുമ്പോഴെല്ലാം ഉടൻതന്നെ ദിവ്യശബ്ദം കേൾക്കും. നിങ്ങൾ ദൈവത്തിന്റെ ശബ്ദം കേൾക്കുന്നത് കൃപയുടെ സിംഹാസനത്തിലെ അരുളപ്പാടിലായതുകൊണ്ടാണ്. ഇവിടെയാണ് നാം ദൈവത്തിന്റെ സംസാരം കേൾക്കുകയും, അവന്റെ മുഖഭാവം കാണുകയും അവന്റെ സാന്നിധ്യം ആസ്വദിക്കുകയും ചെയ്യുന്നത്. ഇവിടെയാണ് നാം അവന്റെ വ്യവസ്ഥയിൽ അവനുമായി ഒന്നായിരിക്കുന്നത്. അതിനാൽ എബ്രായലേഖനം നമ്മെ പുറത്തെ പ്രാകാരത്തിലെ യാഗപീഠത്തിൽനിന്നും അതിവിശുദ്ധിയിലെ ദൈവത്തിന്റെ അരുളപ്പാടിന്റെ സ്ഥലത്തേക്കു തിരിക്കുന്നു.

കൃപയുടെ സിംഹാസനത്തിൽ, പാപത്തിന്റെ യാതൊരു പ്രശ്നവുമില്ല. പാപം നമ്മുടെ കാൽക്കീഴിലാണ്. കൃപയുടെ സിംഹാസനത്തിൽ, കൃപയെ സംബന്ധിക്കുന്ന കാര്യമാണ്. നിങ്ങൾ ഇപ്പോഴും പാപവുമായി മുഴുകിയിരിക്കുകയാണോ? നിങ്ങളുടെ കോപത്താൽ ഇപ്പോഴും കുടുങ്ങിയും വിഷമിച്ചുമിരിക്കുകയാണോ? അതിനെക്കുറിച്ച് മറന്നേക്കുക. ഇന്നു രാവിലെ നിങ്ങളുടെ ഭാര്യയോടു നിങ്ങളുടെ സംയമനം നഷ്ടപ്പെട്ടെങ്കിൽകൂടി, ഇപ്പോൾ നിങ്ങൾ ഈ സന്ദേശം വായിക്കുമ്പോൾ, നിങ്ങൾക്ക് കൃപയുടെ സിംഹാസനത്തിൽ ആയിരിക്കുവാൻ കഴിയും. കുറച്ചു മണിക്കൂറുകൾക്കുമുമ്പ് നിങ്ങൾ പാപത്തിൻ കീഴിലായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങൾ കൃപയോടുകൂടെ പാപത്തിനു മുകളിലാണ്. നമ്മിൽ ആരുംതന്നെ ഇനി പാപത്തിൽ മുഴുകിയിരിക്കരുത്. പാപം കഴിഞ്ഞുപോയി. നാമെല്ലാവരും കൃപയാൽ മുഴുകിയും നിറഞ്ഞും സാന്ദ്രികരിക്കപ്പെട്ടും അഭിവ്യാപിക്കപ്പെട്ടും ഇരിക്കണം. കൃപയ്ക്കായി ഹല്ലേലൂയ്യാ! നിങ്ങൾ ഇപ്പോൾ ക്രൂശിനു സമീപത്താണോ, അതോ കൃപയുടെ സിംഹാസനത്തിനു സമീപത്താണോ? നാം കൃപയുടെ സിംഹാസനത്തിനു സമീപമുള്ള സഹോദരന്മാരും സഹോദരിമാരും ആയിരിക്കണം.

എന്താണ് കൃപ? നമുക്കുവേണ്ടി സകലവും ചെയ്യുവാൻ നമ്മിലേക്കും നമ്മിലൂടെയും നമ്മിൽനിന്നും ഒഴുകുന്ന ദൈവം തന്നെയാണ് കൃപ. നിങ്ങൾക്കുവേണ്ടി സകലവും ചെയ്യുന്നതിന് നിങ്ങളിലേക്കും നിങ്ങളിലൂടെയും നിങ്ങളിൽനിന്നും ഒഴുകുന്ന ദൈവത്തെ ഈ വിധത്തിൽ കൃപയായി നിങ്ങൾ ആസ്വദിച്ചിട്ടില്ലേ? ഇതാണ് നാം കൃപയുടെ സിംഹാസനത്തിനു സമീപം ആസ്വദിക്കുന്ന കൃപ. നാമെല്ലാവരും ഈ വിധത്തിൽ കൃപയെ അറിയണം. എബ്രായലേഖനത്തിന്റെ ശുശ്രൂഷ കൃപയുടെ സിംഹാസനത്തിലേക്കു നമ്മെ തിരിക്കുക എന്നതാണ്.

സമ്പന്നമായ സഭാജീവിതത്തിലൂടെ, കർത്താവു നമ്മെ കൃപയുടെ സിംഹാസനത്തിലേക്കു കൊണ്ടുവന്നിരിക്കുന്നു. ഇനി ക്രൂശിനു ചുറ്റും സമയം പാഴാക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. എങ്കിലും നാം ക്രൂശിനെ ഉപേക്ഷിക്കണമെന്നു ഞാൻ പറയുന്നില്ല. ഞാൻ പറയുന്നത് നാം ക്രൂശിനു ചുറ്റും തങ്ങിനിൽക്കാതെ കൃപയുടെ സിംഹാസനത്തിൽ തുടരണമെന്നാണ്. നിത്യതയോളം ഇവിടെ കൃപയുടെ സിംഹാസനത്തിനു ചുറ്റും തങ്ങിനിൽക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

### C. ഭൂമിയിലെ ക്രിസ്തുവിൽനിന്നും സ്വർഗത്തിലെ ക്രിസ്തുവിലേക്ക്

എബ്രായലേഖനത്തിലെ ഈ തിരിവ് ഭൂമിയിലെ ക്രിസ്തുവിൽനിന്നും സ്വർഗത്തിലെ ക്രിസ്തുവിലേക്ക് ആണ് (7:26). ഇപ്പോൾ നാം അനുഭവിക്കുകയും അനുദിനം ആസ്വദിക്കുകയും ചെയ്യുന്ന ക്രിസ്തു സ്വർഗത്തിലെ ക്രിസ്തുവാണ്. അനേകം ക്രിസ്ത്യാനികൾ സ്വർഗത്തിലേക്കു പോകുവാൻ ആകാംക്ഷയുള്ളവരായിരിക്കുമ്പോൾ, നാം സ്വർഗത്തിലുള്ള ക്രിസ്തുവിനെ ഇപ്പോൾ ആസ്വദിക്കുകയാണ്. എബ്രായലേഖനം നമ്മെ ഭൂമിയിലെ ക്രിസ്തുവിൽനിന്നും സ്വർഗത്തിലെ ക്രിസ്തുവിലേക്കു തിരിക്കുന്നു.

### D. ക്രൂശിന്റെ പാതയിൽ കഷ്ടമനുഭവിക്കുന്ന യേശുവിൽനിന്നും ദൈവസിംഹാസനത്തിലുള്ള തേജസ്സ്കരിക്കപ്പെട്ട ക്രിസ്തുവിലേക്ക്

കൂടാതെ, ഈ തിരിവ് ക്രൂശിന്റെ പാതയിൽ കഷ്ടമനുഭവിക്കുന്ന യേശുവിൽനിന്നും ദൈവസിംഹാസനത്തിലുള്ള തേജസ്സ്കരിക്കപ്പെട്ട ക്രിസ്തുവിലേക്കാണ് (12:2; 13:12; 8:1). കഷ്ടമനുഭവിക്കുന്ന യേശുവിനെക്കുറിച്ചും ക്രൂശിന്റെ പാതയെക്കുറിച്ചും ധാരാളം പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. ക്രൂശിന്റെ പാതയിൽ ഇപ്പോഴും ആയിരിക്കുന്ന നിരവധിപേർക്ക് ദൈവസിംഹാസനത്തിലുള്ള തേജസ്സ്കരിക്കപ്പെട്ട ക്രിസ്തുവിലേക്ക് തങ്ങളെ തിരിക്കുവാൻ എബ്രായലേഖനം ആവശ്യമാണ്. ക്രിസ്തു ഇപ്പോൾ സിംഹാസനത്തിലാണ്.

## II. ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ രണ്ടു വശങ്ങൾ

### A. ഭൂമിയിൽ അഹരോനാൽ മുൻകുറിക്കപ്പെട്ടത്

ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ രണ്ടു വശങ്ങൾ പല ക്രിസ്ത്യാനികൾക്കും അറിയില്ല. ക്രിസ്തു നമ്മുടെ മഹാപുരോഹിതനാണെന്ന് അനേകർക്കും അറിയാമെങ്കിലും, വളരെ കുറച്ചുപേർ മാത്രമേ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന് രണ്ടു

വശങ്ങളുണ്ടെന്ന് മനസ്സിലാക്കുന്നുള്ളൂ. ഭൂമിയിൽ അഹരോനാൽ മുൻകുറിക്കപ്പെട്ട ക്രിസ്തുവിന്റെ പൗരോഹിത്യമാണ് ഒന്നാമത്തെ വശം. ഇത് 5:1-5-ൽ പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുന്നു.

### B. സ്വർഗത്തിൽ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം

ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ രണ്ടാമത്തെ വശം സ്വർഗത്തിൽ മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ളതാണ് (6:20; 7:1). മുൻഗാമിയെന്ന നിലയിൽ കർത്താവ് ഇപ്പോൾ തിരശ്ശീലയ്ക്കുള്ളിൽ, സ്വർഗത്തിലെ അതിവിശുദ്ധസ്ഥലത്താണെന്ന് 6:20-ൽ നാം വായിക്കുന്നു. നാം കണ്ടതുപോലെ, ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ ഒന്നാമത്തെ വശം പ്രധാനമായും പാപമോചനത്തിനു വേണ്ടിയും, രണ്ടാമത്തെ വശം പ്രധാനമായും പാപത്തെ ജയിക്കുന്നതിനു വേണ്ടിയും ആണ്. ഒന്നാമത്തെ വശം നമ്മെ മിസ്രയീമിൽനിന്ന് പുറത്തു കൊണ്ടുവരുകയും, രണ്ടാമത്തെ വശം നമ്മെ കനാനിലേക്കു ആനയിക്കുകയും ചെയ്യുന്നു. ക്രൂശിൽവച്ച്, ക്രിസ്തു അഹരോനാൽ മുൻകുറിക്കപ്പെട്ട ഒരു മഹാപുരോഹിതനായിരുന്നു. ഇപ്പോൾ മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള അവന്റെ പൗരോഹിത്യത്തിലെ പൂർണ്ണ പങ്കാളിത്തത്തിലേക്കു പ്രവേശിക്കുവാൻ നാം മുന്നേറണം. നാം ഇതു ചെയ്യുന്നുവെങ്കിൽ, നാം പാപത്തെ പൂർണമായി ജയിക്കുകയും, പാപം തീർത്തും നമ്മുടെ കാൽക്കീഴിലായിരിക്കുകയും ചെയ്യും. നാം രണ്ടാം നിലയിൽ, പാപവുമായി യാതൊരു ബന്ധവുമില്ലാതെ നിരന്തരം കൃപ ആസ്വദിച്ചുകൊണ്ട് അതിവിശുദ്ധസ്ഥലത്തായിരിക്കും. ഇത് മൊത്തത്തിൽ ക്രിസ്തുവിന്റെ ശുശ്രൂഷയുടെ രണ്ടാമത്തെ വശത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

## III. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ രണ്ടു ഭാഗങ്ങൾ

ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ രണ്ടു വശങ്ങളെ ആസ്പദമാക്കി, ക്രിസ്തുവിന്റെ ശുശ്രൂഷയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്— ഭൂമിയിലെ ഭാഗവും സ്വർഗത്തിലെ ഭാഗവും. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ രണ്ടു ഭാഗങ്ങളിലും കൃത്യമായി പതിനൊന്ന് വിഷയങ്ങൾ വീതമുണ്ടെന്നത് വളരെ രസകരമാണ്. ഇപ്പോൾ, ചുരുക്കത്തിൽ, ക്രിസ്തുവിന്റെ ശുശ്രൂഷയുടെ രണ്ടു ഭാഗങ്ങൾ നമുക്കു നോക്കാം.

### A. ഭൂമിയിലെ ഭാഗം

#### *1. നമ്മുടെ പാപങ്ങൾക്കുവേണ്ടി തന്നെത്താൻ അർപ്പിച്ചു*

നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രിസ്തു അവനെത്തന്നെ ദൈവത്തിന് അർപ്പിച്ചു (7:27; 9:14, 26; 10:10, 12). തന്റെ പൗരോഹിത്യ

ശുശ്രൂഷയിൽ നമ്മുടെ കർത്താവ് ആദ്യമായി ചെയ്തത് നമ്മുടെ പാപങ്ങൾക്കുവേണ്ടി ദൈവത്തിന് അവനെത്തന്നെ അർപ്പിച്ചു എന്നതാണ്. അവനായിരുന്നു യഥാർഥ പാപയാഗം, നിസ്തുലമായ പാപയാഗം. ലോകസ്ഥാപനം മുതൽ ക്രിസ്തു നിസ്തുലമായ പാപയാഗമായിരുന്നു (വെളി. 13:8). അങ്ങനെയുള്ള ഒരു യാഗമെന്ന നിലയിൽ, അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി അവനെത്തന്നെ ദൈവത്തിന് അർപ്പിച്ചു. നിങ്ങൾ എബ്രായലേഖനം ശ്രദ്ധാപൂർവം വായിക്കുമെങ്കിൽ, അത് ക്രിസ്തുവിനെ അവതരിപ്പിക്കുന്നത് മറ്റൊരു തരത്തിലുള്ള യാഗമായിട്ടല്ല, പാപയാഗമായിട്ടു മാത്രമാണെന്നു കണ്ടെത്തും. എബ്രായലേഖനത്തിൽ നിസ്തുലമായ യാഗം പാപത്തിനു വേണ്ടിയുള്ള യാഗമാണ്. നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രിസ്തു ഒരിക്കലായി അവനെത്തന്നെ ദൈവത്തിന് അർപ്പിച്ചു, അവൻ അത് വീണ്ടും ചെയ്യേണ്ട ആവശ്യമില്ല. അത് നിത്യതയോളം എല്ലാവർക്കുംവേണ്ടി ഒരിക്കലായി നിവർത്തിക്കപ്പെട്ടു.

പാപമെന്ന പ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുന്നു എന്ന സദ്വാർത്ത നാമെല്ലാവരും പ്രഖ്യാപിക്കുകയും വിളംബരം ചെയ്യുകയും വേണം. നുണകൾക്ക് ചെവി കൊടുക്കരുത്. നിങ്ങളുടെ അനുഭവംപോലും ഒരു നുണയാണ്. പാപം ഇപ്പോൾ ഇവിടെയില്ല. "പാപം എടുത്തു കളയപ്പെട്ടിരിക്കുന്നു" എന്നു നാമെല്ലാവരും പ്രഖ്യാപിക്കണം. സ്വയം അർപ്പിച്ചുകൊണ്ടുള്ള ക്രിസ്തുവിന്റെ യാഗം പാപത്തെ നീക്കിക്കളഞ്ഞു. അങ്ങനെ യോഹന്നാൻ 1:29 പറയുന്നു, "ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!" എങ്കിലും, പല ക്രിസ്ത്യാനികളും പാപത്തെ നീക്കിക്കളഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കുകയോ വിശ്വസിക്കുകയോ ചെയ്യുന്നില്ല. പാപം നീക്കംചെയ്യപ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? പാപം ഇപ്പോഴും ഇവിടെ ഉണ്ടെന്നു വിശ്വസിക്കരുത്. നിങ്ങൾക്ക് ഒരു പരാജയമോ തോൽവിയോ ഉണ്ടായാൽ പോലും നിങ്ങൾ സാത്താനോട് പറയണം, "സാത്താനേ, ഞാൻ നിന്നെ വിശ്വസിക്കുന്നില്ല. പാപം നീക്കം ചെയ്യപ്പെട്ടിരിക്കുന്നുവെന്നു പറയുന്ന വിശുദ്ധ വചനം ഞാൻ വിശ്വസിക്കുന്നു." നാമെല്ലാവരും ഇതു വിശ്വസിക്കണം. നമ്മുടെ അനുഭവങ്ങളും നാം എന്താണെന്നതും നാം മറക്കുകയും, കർത്താവിന്റെ വചനം ശക്തമായി എടുത്ത് ശത്രുവിനോടും മുഴുവൻ പ്രപഞ്ചത്തോടും ഇങ്ങനെ പ്രഖ്യാപിക്കണം, "ഹല്ലേലൂയ്യാ, പാപത്തെ നീക്കംചെയ്തിരിക്കുന്നു. അതിനെ നീക്കംചെയ്യേണ്ടതിന് ക്രിസ്തു അവനെത്തന്നെ ദൈവത്തിന് അർപ്പിച്ചതുകൊണ്ട് പാപത്തിന് ഇനിമേൽ എന്നോട് യാതൊരു കാര്യവുമില്ല."

### 2. നമ്മുടെ പാപങ്ങൾക്കുവേണ്ടി അനുനയം വരുത്തി

ഭൂമിയിലുള്ള തന്റെ ശുശ്രൂഷയിൽ ക്രിസ്തു നമ്മുടെ

പാപങ്ങൾക്കുവേണ്ടി അനുനയം വരുത്തി (2:17). നീക്കംചെയ്യപ്പെട്ടിരുന്ന പാപം നിരവധി പ്രശ്നങ്ങൾ വരുത്തിവച്ചു. ആ പ്രശ്നങ്ങളെല്ലാം നാമും ദൈവവും തമ്മിലുള്ള പ്രശ്നങ്ങളായിത്തീർന്നു. അതുകൊണ്ട്, ക്രിസ്തു പാപത്തെ നീക്കിക്കളഞ്ഞ സമയത്ത്, അവൻ നമുക്കുവേണ്ടി ദൈവത്തോട് അനുനയം വരുത്തുകയും ചെയ്തു. ഒരർഥത്തിൽ, അവൻ നമുക്കുവേണ്ടി ദൈവത്തെ പ്രീണിപ്പിച്ചു. നാമും ദൈവവും തമ്മിൽ നിരവധി പ്രശ്നങ്ങളുണ്ടെങ്കിലും, ക്രിസ്തുവിന്റെ പാപയാഗം നമുക്കുവേണ്ടി ദൈവത്തെ പ്രീണിപ്പിച്ചിരിക്കുന്നു. ഇപ്പോൾ നാമും ദൈവവും തമ്മിൽ പ്രശ്നങ്ങളൊന്നുമില്ല. നിങ്ങളുടെ അനുഭൂതികൾക്ക് ശ്രദ്ധ നല്കാതിരിക്കുക. നിങ്ങളും ദൈവവും തമ്മിൽ ഒരു പ്രശ്നമുണ്ടെന്ന് നിങ്ങൾക്ക് ഇപ്പോഴും തോന്നിയേക്കാം, എന്നാൽ അതൊരു നുണയാണ്. അതിനെ ശ്രദ്ധിക്കരുത്. ശത്രുവിനോടു പറയുക, "പാപത്തെ നീക്കിക്കളയുകയും ദൈവത്തെ പ്രീണിപ്പിക്കുകയും ചെയ്തിരിക്കുന്നു." ഇവയെല്ലാം സദ്വാർത്തകളാണ്. ഹല്ലേലൂയ്യാ, പാപം പോയി, ദൈവം ഇവിടെയുണ്ട്!

### *3. നമ്മുടെ പാപങ്ങൾക്കുവേണ്ടി ശുദ്ധീകരണം വരുത്തി*

ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി ശുദ്ധീകരണം വരുത്തുകയും ചെയ്തു (1:3). ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി അവനെത്തന്നെ അർപ്പിക്കുകയും, നമ്മുടെ പാപങ്ങൾക്കുവേണ്ടി അനുനയം വരുത്തുകയും, നമ്മുടെ പാപങ്ങൾക്കുവേണ്ടി ശുദ്ധീകരണം വരുത്തുകയും ചെയ്തു. ക്രിസ്തു പാപത്തിനുവേണ്ടി സ്വയം അർപ്പിക്കുകയും, നമ്മുടെ പാപങ്ങൾക്കുവേണ്ടി ശുദ്ധീകരണം വരുത്താതെ അവയ്ക്കുവേണ്ടി അനുനയം വരുത്തുകയും ചെയ്തെങ്കിൽ, അവന്റെ വേല വെടിപ്പുള്ളതാകുമായിരുന്നില്ല. എന്നാൽ അവൻ പാപങ്ങൾക്കുവേണ്ടിയുള്ള ശുദ്ധീകരണം നിവർത്തിച്ചതുകൊണ്ട് അവന്റെ വേല ഏറ്റവും നല്ല വെടിപ്പാക്കൽ വേലയായിരുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ, നാം ക്ഷമിക്കപ്പെട്ടവർ മാത്രമല്ല ശുദ്ധീകരിക്കപ്പെട്ടവരും ആണ്. ഇപ്പോൾ നമുക്ക് ശുദ്ധീകരിക്കപ്പെട്ട ഒരു മനസ്സാക്ഷി ഉണ്ട്.

### *4. തന്റെ രക്തത്തോടുകൂടെയുള്ള തന്റെ യാഗം മുഖാന്തരം നമ്മെ വിശുദ്ധീകരിച്ചു*

തന്റെ രക്തത്തോടുകൂടെയുള്ള തന്റെ യാഗം മുഖാന്തരവും ക്രിസ്തു നമ്മെ വിശുദ്ധീകരിച്ചു (10:10, 14, 29; 13:12). അവൻ നമ്മുടെ പാപങ്ങളെ ശുദ്ധീകരിക്കുക മാത്രമല്ല, നമ്മെ ദൈവത്തിനായി വിശുദ്ധീകരിക്കുകയും വേർതിരിക്കുകയും മാറ്റിവയ്ക്കുകയും ചെയ്തു. നിങ്ങളെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നുവെന്ന് ഞാൻ കാര്യമാക്കുന്നില്ല. ക്രിസ്തുവിന്റെ രൂപനിർണ്ണയപ്രകാരം, നിങ്ങളെ

വേർതിരിക്കുകയും, വിശുദ്ധീകരിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ ജീവിക്കുന്ന പട്ടണത്തിനുള്ളവരല്ല നിങ്ങൾ; നിങ്ങൾ ദൈവത്തിനുള്ളവരാണ്. നാമെല്ലാവരും ക്രിസ്തുവിനാൽ, അവന്റെ രക്തത്തോടുകൂടെയുള്ള അവന്റെ യാഗം മുഖാന്തരം ദൈവത്തിനായി വിശുദ്ധീകരിക്കപ്പെട്ടും വേർതിരിക്കപ്പെട്ടുമിരിക്കുന്നു. നമുക്കുവേണ്ടി അവനെത്തന്നെ അർപ്പിച്ചുകൊണ്ട് ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ, അവൻ നമ്മെ ദൈവത്തിനായി വേർതിരിച്ചു. നിങ്ങൾ ഇതു കേൾക്കുമ്പോൾ, "ഇത് എന്റെ അനുഭവമനുസരിച്ച് അങ്ങനെയല്ലല്ലോ" എന്നു പറഞ്ഞേക്കാം. ക്ഷമയോടെ കാത്തിരിക്കുക. കുറച്ചു വർഷങ്ങളോ, അടുത്ത യുഗമോ, ഏറിയാൽ നിത്യതയോളമോ കാത്തിരിക്കുക, നിങ്ങൾ ദൈവത്തിനായി വിശുദ്ധീകരിക്കപ്പെട്ടവനാണെന്നു നിങ്ങൾ കാണും. പുതിയ യെരൂശലേമിൽ നാമെല്ലാവരും ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടവരായിരിക്കും. ഇത് ഞാൻ എനിക്കുവേണ്ടി മാത്രമല്ല എല്ലാ ദൈവമക്കൾക്കു വേണ്ടിയും വിശ്വസിക്കുന്നു. നിങ്ങളുടെ ഇപ്പോഴത്തെ സാഹചര്യത്തെ വിശ്വസിക്കരുത്, കാരണം അത് മൊത്തത്തിൽ ഒരു നുണയാണ്. ഒരു സ്ഥലത്തുള്ള ഒരു സഭ അത്ര നല്ലതല്ലെന്ന് ചിലപ്പോൾ സഹോദരന്മാർ എന്നോടു പറഞ്ഞിട്ടുണ്ട്. എന്നോട് അങ്ങനെ പറയുന്നത് എനിക്ക് ഇഷ്ടമല്ല. അങ്ങനെയുള്ള വാർത്ത കേൾക്കുമ്പോഴെല്ലാം, എന്റെ ഉള്ളിൽ ഞാൻ പറയുന്നു, "നിങ്ങൾ തെറ്റാണ്. ഏതു സഭയും മനോഹരമാണ്." ഇന്നു നാം ഇതു വിശ്വസിക്കുന്നില്ലെങ്കിൽ, ഒരു ദിവസം നാം അതു വിശ്വസിക്കും. ഏതു സഭയും മനോഹരമാണെന്നും ഏതു സഭയും ദൈവത്തിനായി വേർതിരിക്കപ്പെട്ടും വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു എന്നും ഒരു ദിവസം നാം കാണും. എന്നാൽ ഇതു വിശ്വസിക്കുവാൻ നിത്യത വരെ കാത്തിരിക്കരുത്. ഇന്നു വിശ്വസിക്കുക. ഇത് വിശ്വസിക്കുവാൻ നിങ്ങൾ നിത്യതയോളമായി കാത്തിരിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് ആസ്വാദനത്തിന്റെ വലിയൊരളവു നഷ്ടമാകും. ഇത് ഇന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങൾ ഇത് ആസ്വദിക്കും. തന്റെ രക്തത്തോടുകൂടെയുള്ള ക്രിസ്തുവിന്റെ യാഗം മുഖാന്തരം നാം ദൈവത്തിനു വേർതിരിക്കപ്പെട്ടിരിക്കുന്നു എന്നു കേൾക്കുന്നത് എന്തൊരു സദ്വാർത്തയാണ്!

### *5. തന്റെ യാഗത്തിലൂടെ നമ്മെ തികഞ്ഞവരാക്കുന്നു*

ക്രിസ്തു തന്റെ യാഗം മുഖാന്തരം നമ്മെ തികഞ്ഞവരാക്കിയിരിക്കുന്നു (10:14). യവനഭാഷയിൽ തികഞ്ഞവരാക്കി എന്നു വിവർത്തനം ചെയ്ത പദത്തിന്റെ അർഥം പൂർത്തിയാക്കി എന്നാണ്. ക്രിസ്തു നമ്മെ തികഞ്ഞവരാക്കുകയും പൂർത്തിയാക്കുകയും ചെയ്തു. നിങ്ങൾ എത്ര ബലഹീനനോ ചെറുപ്പമോ പുതിയവനോ ആണെങ്കിലും, ക്രിസ്തുവിന്റെ യാഗത്തിലൂടെ നിങ്ങൾ അവനാൽ

തികഞ്ഞവരാക്കപ്പെട്ടും പൂർത്തിയാക്കപ്പെട്ടുമിരിക്കുന്നു. ഇതാണ് സുവിശേഷം, സദ്വർത്തമാനം.

### *6. തന്റെ രക്തത്താൽ നമുക്കുവേണ്ടി ഒരു പുതിയ ഉടമ്പടി പൂർത്തിയാക്കി*

ഭൂമിയിലുള്ള തന്റെ ശുശ്രൂഷയിൽ ക്രിസ്തു തന്റെ രക്തത്താൽ നമുക്കുവേണ്ടി ഒരു പുതിയ ഉടമ്പടി പൂർത്തിയാക്കി (8:6; 9:14-15). പാപയാഗമായി ക്രിസ്തു അവനെത്തന്നെ അർപ്പിക്കുകയും നമ്മുടെ പാപങ്ങൾക്കുവേണ്ടി അനുനയവും ശുദ്ധീകരണവും വരുത്തുകയും ചെയ്തശേഷം, അവൻ നമുക്കുവേണ്ടി പുതിയ ഉടമ്പടി പൂർത്തിയാക്കി. ഈ ഉടമ്പടിയിൽ മേൽപ്പറഞ്ഞ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു ഈ പുതിയ ഉടമ്പടിയെ തന്റെ രക്തത്താൽ മുദ്രയിട്ടു. ഇക്കാരണത്താൽ, ഇത് രക്തത്താൽ മുദ്രയിടപ്പെട്ട ഉടമ്പടിയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവൻ ഈ ഉടമ്പടി മഷികൊണ്ടല്ല, രക്തംകൊണ്ട് ഒപ്പു വച്ചു. ആർക്കും അതിനെ മാറ്റുവാൻ കഴിയുകയില്ല.

### *7. പുതിയനിയമം നമുക്ക് ഒസ്യത്തായി നൽകി*

ക്രിസ്തു പുതിയ ഉടമ്പടി പൂർത്തിയാക്കിയ ശേഷം, നമുക്കായി ഉടമ്പടി നൽകിയിട്ട് അവൻ സ്വർഗത്തിലേക്കു പോയി (9:16-17). അവൻ സ്വർഗത്തിലേക്കു പോയശേഷം ഉടനെ ഉടമ്പടി ഒരു നിയമം, ഒരു വിൽപത്രം ആയിത്തീർന്നു. നിയമം എന്ന പദം വിൽപത്രം എന്ന ആധുനിക പദത്തിനുവേണ്ടിയുള്ള ഒരു പുരാതന പദമാണ്. ക്രിസ്തു ഒരു ഉടമ്പടി പൂർത്തിയാക്കുകയും, അവൻ നമുക്ക് ഒരു വിൽപത്രം, നമുക്കുവേണ്ടി മരിച്ച നമ്മുടെ പ്രിയനായവന്റെ വിൽപത്രം, ഒസ്യത്തായി നൽകുകയും ചെയ്തു.

### *8. സകലത്തിനുംവേണ്ടി മരണം സഹിച്ചു*

ക്രൂശിൽവച്ച് ക്രിസ്തു സകലത്തിനും വേണ്ടി മരണം സഹിച്ചു (2:9). നാം പാപത്തെക്കുറിച്ചു മാത്രം വ്യാകുലപ്പെടരുത്, കാരണം ആദാമിന്റെ വീഴ്ച നിമിത്തം പഴയ സൃഷ്ടിയിലുള്ള സകലതും ക്രമരഹിതമായിത്തീർന്നു. എല്ലാം തെറ്റാണ്. അതുകൊണ്ട് ക്രിസ്തു നമുക്കുവേണ്ടി മാത്രമല്ല, സകലത്തിനും വേണ്ടി മരണം സഹിച്ചു. തന്റെ മരണത്തിലൂടെ ക്രിസ്തു സകലത്തെയും ദൈവത്തോടു നിരപ്പിച്ചുവെന്ന് കൊലൊസ്യർ 1:20 പറയുന്നു. ക്രിസ്തുവിന്റെ മരണം നിമിത്തം, സകലവും അതിന്റെ ശരിയായ ക്രമത്തിലായിരിക്കണം. ഇതു നാം വിശ്വസിക്കണം.

### *9. ക്രൂശിൽവച്ച് പിശാചിനെ നശിപ്പിച്ചു*

ക്രിസ്തു പിശാചിനെ നശിപ്പിച്ചു (2:14). പ്രപഞ്ചത്തിലെ

പ്രധാന പ്രശ്നക്കാരനായ പിശാച് ക്രിസ്തുവിന്റെ മരണത്താൽ നശിപ്പിക്കപ്പെട്ടു. ചില സമയങ്ങളിൽ നിങ്ങൾ ഇങ്ങനെ പറഞ്ഞുകൊണ്ട് സാത്താനെ ഓർമപ്പെടുത്തണം, "സാത്താനേ, എന്നെ ശല്യപ്പെടുത്തുവാൻ നീ എന്തിനാണ് ഇവിടെ വരുന്നത്? നീ ക്രൂശിൽ നശിപ്പിക്കപ്പെട്ടവനാണ്. ഇവിടെ വരുവാൻ ആരാണ് നിനക്ക് അനുമതി നൽകിയത്? പുറത്തു പോകുവാൻ ഞാൻ നിന്നോടു കൽപിക്കുന്നു." പ്രധാന പ്രശ്നക്കാരനായ പിശാച് നശിപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന് നാം വിശ്വസിക്കണം.

### *10. മരണഭയത്തിൻ കീഴിലുള്ള അടിമത്തത്തിൽനിന്നും നമ്മെ വിടുവിച്ചു*

മരണഭയത്തിൻ കീഴിലുള്ള അടിമത്തത്തിൽനിന്നും ക്രിസ്തു നമ്മെ വിടുവിച്ചു (2:15). മരണത്തെ നാം ഇനി ഭയപ്പെടേണ്ടതില്ല, കാരണം മരണത്തിന്റെ വിഷമുള്ളിനെ ഇല്ലാതാക്കിയിരിക്കുന്നു. ക്രിസ്തു സിംഹാസനത്തിലേക്കു പോകുന്നതിനുമുമ്പ് അവൻ ക്രൂശിൽ ഇതു നിവർത്തിച്ചു. സാത്താൻ നശിപ്പിക്കപ്പെടുകയും, മരണം ഇല്ലാതാക്കപ്പെടുകയും (2 തിമൊ. 1:10), നാം വിടുവിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

### *11. ക്രൂശിന്റെ പാതയൊരുക്കിയിരിക്കുന്നു*

അവസാനമായി, സകലതും പൂർത്തിയാക്കിയതിനുശേഷം, ക്രിസ്തു ക്രൂശിന്റെ പാതയൊരുക്കി. ഇപ്പോൾ നമുക്ക് ഇവിടെനിന്നും സ്വർഗത്തിലേക്കു നേരിട്ടു പോകാവുന്ന ഒരു രാജപാത, ഒരു തുറന്ന പാത ഉണ്ട്. ഭൂമിയിലെ ക്രൂശിൽനിന്നും സ്വർഗത്തിലെ സിംഹാസനത്തിലേക്ക് നേരായതും നിരപ്പുള്ളതുമായ ഒരു രാജപാത നിരത്തിയിരിക്കുന്നു. ഈ രാജപാതയിൽ ഇറക്കങ്ങളോ വളവുകളോ ഇല്ല. ക്രൂശിൽനിന്നു സിംഹാസനത്തിലേക്കുള്ള വഴി കുണ്ടുംകുഴിയുമില്ലാത്ത ഒരു രാജപാതയാണ്. വഴി കുണ്ടും കുഴിയുമുള്ളതാണെന്നു നിങ്ങൾ പറയുന്നുവെങ്കിൽ, അതിനർഥം എബ്രായലേഖനത്തിന്റെ ഭൂപടം നിങ്ങൾക്കില്ലെന്നാണ്. നിങ്ങൾക്കുള്ളത് തെറ്റായ ഭൂപടമാണ്. നിങ്ങളുടെ ഭൂപടം വളരെ പഴയതാണ്, നിങ്ങൾ അത് ഉപേക്ഷിക്കണം. പുതിയ ഭൂപടമനുസരിച്ച്, ക്രൂശിൽനിന്നും സിംഹാസനത്തിലേക്കുള്ള വഴി കഷ്ടമനുഭവിച്ച യേശുവിനാലും തേജസ്കരിക്കപ്പെട്ട ക്രിസ്തുവിനാലും നിരത്തപ്പെട്ട ഒരു രാജപാതയാണ്. ക്രിസ്തു ക്രൂശിൽ കഷ്ടമനുഭവിക്കുന്നത് ഇന്നു നാം കാണുന്നില്ല; സിംഹാസനത്തിൽ തേജസ്കരിക്കപ്പെട്ടവനായി നാം അവനെ കാണുന്നു. സ്തെഫാനൊസിനെ കല്ലെറിഞ്ഞുകൊല്ലുമ്പോൾ, അവൻ ഒരർഥത്തിൽ, ക്രൂശിന്റെ കുണ്ടും കുഴിയുമുള്ള വഴിയിലായിരുന്നു. എന്നാൽ മറ്റൊരു അർഥത്തിൽ അവൻ ഒരു രാജപാതയിലായിരുന്നു. ദൈവത്തിന്റെ

വലത്തുഭാഗത്ത് യേശു തേജസ്സിൽ നിൽക്കുന്നത് അവൻ കണ്ടു, അവന്റെ മുഖം ഒരു ദൂതന്റെ മുഖം പോലെ പ്രകാശിച്ചു (പ്രവൃ. 7:55-56; 6:15). സ്തെഫാനൊസ് സിംഹാസനത്തിലേക്കു നയിക്കുന്ന രാജപാതയിലായിരുന്നു.

## B. സ്വർഗത്തിലെ ഭാഗം

### *1. അതിവിശുദ്ധസ്ഥലത്തേക്ക് പുതിയതും ജീവനുള്ളതുമായ ഒരു വഴി തുറന്നു*

ഇപ്പോൾ നാം ക്രിസ്തുവിന്റെ സ്വർഗത്തിലെ ശുശ്രൂഷയുടെ ഭാഗത്തേക്ക് വരുന്നു. ഭൂമിയിൽ, ക്രിസ്തു ക്രൂശിന്റെ പാതയൊരുക്കുകയും, സ്വർഗത്തിൽ അവൻ അതിവിശുദ്ധിസ്ഥലത്തേക്ക് പുതിയതും ജീവനുള്ളതുമായ ഒരു വഴി തുറക്കുകയും ചെയ്തു (10:19-20). അവൻ അതിവിശുദ്ധസ്ഥലത്തേക്ക് രാജപാതയൊരുക്കുകയും പുതിയ വഴി തുറക്കുകയും ചെയ്തു.

### *2. സ്വർഗത്തെയും സ്വർഗത്തിലെ കാര്യങ്ങളെയും തന്റെ രക്തംകൊണ്ട് ശുദ്ധീകരിക്കുന്നു*

ക്രിസ്തു തന്റെ രക്തത്താൽ സ്വർഗത്തെയും അതിലുള്ള കാര്യങ്ങളെയും ശുദ്ധീകരിച്ചു. ഇതു നാം കണ്ടിട്ടില്ലെങ്കിലും, വിശുദ്ധ വചനത്തിൽ അതു പറഞ്ഞിട്ടുണ്ട്. ക്രിസ്തുവിന്റെ രക്തത്താൽ നമുക്കു മാത്രമല്ല ശുദ്ധീകരണം ആവശ്യമായിരിക്കുന്നത്, കൂടാരവും അതിനോടു ബന്ധപ്പെട്ട സകല ഉപകരണങ്ങളും യാഗപീഠത്തിലെ രക്തത്താൽ തളിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്തതുപോലെ, സ്വർഗത്തിനും സ്വർഗത്തിലെ കാര്യങ്ങൾക്കും അത് ആവശ്യമാണ്.

### *3. പുതിയ ഉടമ്പടി സ്ഥിരീകരിക്കുകയും നിത്യ വീണ്ടെടുപ്പ് സ്ഥാപിക്കുകയും ചെയ്യുന്നു*

സ്വർഗത്തിലേക്കുള്ള ആരോഹണത്താൽ ക്രിസ്തു പുതിയ ഉടമ്പടി സ്ഥിരീകരിക്കുകയും നിത്യ വീണ്ടെടുപ്പ് സ്ഥാപിക്കുകയും ചെയ്തു (9:12). സ്വർഗത്തിലേക്കുള്ള അവന്റെ ആരോഹണം അവൻ ഭൂമിയിൽ പൂർത്തിയാക്കിയ പുതിയ ഉടമ്പടിയെ സ്ഥിരീകരിച്ചു. അവിടെ, സ്വർഗത്തിൽ, അവൻ നമുക്കുവേണ്ടി നിത്യ വീണ്ടെടുപ്പ് സ്ഥാപിച്ചു.

### *4. ശ്രേഷ്ഠതയേറിയ ഒരു ശുശ്രൂഷ കരസ്ഥമാക്കി*

ക്രിസ്തു ശ്രേഷ്ഠതയേറിയ ശുശ്രൂഷ നേടിയിരിക്കുന്നു (8:6). കൂടാരത്തിൽ പഴയനിയമ പുരോഹിതന്മാർ ചെയ്ത ശുശ്രൂഷയെക്കാൾ ശ്രേഷ്ഠതയേറിയതാണ് ഇന്ന്

സിംഹാസനത്തിലുള്ള അവന്റെ ശുശ്രൂഷ. ഇത് അതിവിശുദ്ധസ്ഥല ത്തുള്ള അവന്റെ ശുശ്രൂഷയാണ്.

### *5. പുതിയ ഉടമ്പടിയുടെ ഈടും മധ്യസ്ഥനും എന്ന നിലയിൽ ഉടമ്പടി നടപ്പാക്കുന്നു*

പുതിയ ഉടമ്പടിയുടെ ഈടും മധ്യസ്ഥനും എന്ന നിലയിൽ ക്രിസ്തു ഉടമ്പടി നടപ്പാക്കുന്നു (7:22; 8:6; 9:15). യവനഭാഷയിൽ ഈട് എന്ന പദം അർഥമാക്കുന്നത് ഒരു ഉറപ്പെന്നും ഉടമ്പടിക്കാരനോ ജാമ്യക്കാരനോ ആയ ഒരു വ്യക്തി എന്നുമാണ്. ക്രിസ്തു പുതിയ ഉടമ്പടിയുടെ ഈടാണ്, അതു നടപ്പാക്കുന്നവനാണ്.

### *6. പുതിയനിയമത്തിന്റെ നിർവാഹകൻ എന്ന നിലയിൽ, നിയമം നടപ്പിലാക്കുന്നു*

പുതിയ നിയമത്തിന്റെ നിർവാഹകൻ എന്ന നിലയിൽ ക്രിസ്തു ആ നിയമം നടപ്പിലാക്കുന്നു (9:16-17). ക്രിസ്തു ഉടമ്പടിയുടെ ഈടും നിയമത്തിന്റെ നിർവാഹകനുമാണ്. വിൽപത്രത്തിന് അത് നടപ്പിലാക്കുവാൻ, ഒരു നിർവാഹകന്റെ ആവശ്യമുണ്ട്. ക്രിസ്തു തന്റെ ആരോഹണത്തിൽ നമുക്ക് ഒസ്യത്തായി നൽകിയ നിയമത്തിന്റെ നിർവാഹകനാണ്.

### *7. മഹാപുരോഹിതനെന്ന നിലയിൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയും നമ്മെ അങ്ങേയറ്റം രക്ഷിക്കുകയും ചെയ്യുന്നു*

നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയും നമ്മെ അങ്ങേയറ്റം രക്ഷിക്കുകയും ചെയ്യുന്ന മഹാപുരോഹിതനാണ് ക്രിസ്തു (7:25-26). ഇത് ഭൂമിയിലെ അഹരോന്റെ ക്രമപ്രകാരമല്ല, സ്വർഗത്തിലെ മൽക്കീസേദെക്കിന്റെ ക്രമപ്രകാരമാണ്.

### *8. സ്വർഗീയ ശുശ്രൂഷകനെന്ന നിലയിൽ, സ്വർഗത്തെയും, ജീവനെയും, ശക്തിയെയും നമ്മിലേക്കു ശുശ്രൂഷിക്കുന്നു*

നാം ഭൂമിയിൽ സ്വർഗീയ ജീവിതം നയിക്കേണ്ടതിന് സ്വർഗീയ ശുശ്രൂഷകനെന്ന നിലയിൽ, ക്രിസ്തു സ്വർഗത്തെയും ജീവനെയും ശക്തിയെയും നമ്മിലേക്കു ശുശ്രൂഷിക്കുന്നു (8:2). ഇതു കേവലം പ്രതിലോമ കാര്യങ്ങളിൽനിന്നു നമ്മെ രക്ഷിക്കുവാനല്ല, ദിവ്യജീവന്റെ സ്വർഗീയ സഹായത്താൽ നമ്മെ നിലനിർത്തുന്ന തിനാണ്.

### *9. വിശുദ്ധീകരിക്കുന്നവനെന്ന നിലയിൽ, തന്റെ വിശുദ്ധ പ്രകൃതത്താലും ജീവനാലും നമ്മെ വിശുദ്ധീകരിക്കുന്നു*

ക്രിസ്തു വിശുദ്ധീകരിക്കുന്നവനും ആണ്, തന്റെ വിശുദ്ധ

പ്രകൃതത്താലും ജീവനാലും നമ്മെ വിശുദ്ധീകരിക്കുന്നു (2:11). തന്റെ രക്തത്താൽ ക്രൂശിലെ തന്റെ യാഗം മുഖാന്തരം അവൻ നമ്മെ വിശുദ്ധീകരിച്ചു. അത് അവൻ ഭൂമിയിൽ നമുക്കുവേണ്ടി നിവർത്തിച്ച വസ്തുനിഷ്ഠവും, സ്ഥാനീയവുമായ വിശുദ്ധീകരണ മായിരുന്നു. ഇപ്പോൾ അവൻ തന്റെ വിശുദ്ധ പ്രകൃതത്താലും ജീവനാലും നമ്മെ വിശുദ്ധീകരിക്കുന്നു. ഇത് അവൻ സ്വർഗത്തിൽ നമുക്കുവേണ്ടി നിവർത്തിക്കുന്ന വ്യക്തിനിഷ്ഠവും, സ്വഭാവപരവുമായ വിശുദ്ധീകരണമാണ്.

### *10. വിശ്വാസത്തെ തികയ്ക്കുന്നവനെന്ന നിലയിൽ, നമ്മുടെ ജീവിതത്തിനുവേണ്ടി വിശ്വാസത്തിൽ നമ്മെ തികഞ്ഞവരാക്കുന്നു*

ക്രിസ്തു വിശ്വാസത്തെ തികയ്ക്കുന്നവനാണ് (12:2). തികയ്ക്കുന്നവൻ എന്ന നിലയിൽ, നമ്മുടെ ദൈനംദിന ജീവിതത്തിനുവേണ്ടി വിശ്വാസത്തിൽ അവൻ നമ്മെ തികഞ്ഞവരാക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും ആരംഭകനും എന്ന നിലയിൽ അവൻ ഭൂമിയിൽ വിശ്വാസത്തിന് ആരംഭം കുറിച്ചു. നാം അവന്റെ വിശ്വാസത്താൽ ജീവിക്കുകയും നടക്കുകയും ചെയ്യേണ്ടതിന് അവൻ ഇപ്പോൾ സ്വർഗത്തിൽ നമുക്കുവേണ്ടി വിശ്വാസത്തെ തികയ്ക്കുന്നു.

### *11. നമ്മുടെ രക്ഷാനായകനെന്ന നിലയിൽ നമ്മെ തേജസ്സിലേക്കു നയിക്കുന്നു*

ക്രിസ്തു നമ്മെ തേജസ്സിലേക്കു നയിക്കുന്ന നമ്മുടെ രക്ഷാനായകനും ആണ് (2:10). അവൻ ഇന്നു സ്വർഗത്തിൽ ചെയ്യുകൊണ്ടിരിക്കുന്നതെല്ലാം ദൈവത്തിന്റെ പൂർണ്ണാവിഷ്കാരത്തി നുവേണ്ടി തന്റെ തേജസ്സിലേക്കു നമ്മെ കൊണ്ടുവരുന്നതിനാണ്. ഇതാണ് ദൈവത്തിന്റെ നിത്യപദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

ഈ പതിനൊന്ന് വിഷയങ്ങളാണ് ഇന്ന് സ്വർഗത്തിൽ ക്രിസ്തുവിന്റെ ശ്രേഷ്ഠതയേറിയ ശുശ്രൂഷ.